കൊടുക്കുന്ന സബ്സിഡി കൃത്യമായും, വളം, കീടനാശിനി ഇതൊക്കെ കൊടുത്ത്, സഹകരണസ്ഥാപനത്തിൽകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന്റെ സഹായസഹകരണം ഉണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്.

അസാധാരണ കൊലപാതകങ്ങൾ

*113. [155] ശ്രീ. ജി. കാർത്തികേയൻ :

„ കെ. സി. ജോസഫ് :

„ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

„ എ. സി. ജോസ്:

„ കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അസാധാരണമായ കൊലപാതകങ്ങൾ നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) ഇവ കൈകാര്യം ചെയ്യാൻമാത്രം പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ച കുറ്റാന്വേഷക വിഭാഗമുണ്ടോ;

(ഡി) ഇപ്രകാരമുള്ള കൊലപാതകങ്ങൾ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും, വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷകരുടെ ഒരു പ്രത്യേക വിഭാഗം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) കുറ്റാന്വേഷണത്തിൽ പ്രത്യേകം ശ്രദ്ധിക്കാൻ ക്രൈംബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് മുതലായ സംവിധാനങ്ങൾ നിലവിലുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സാധാരണ കൊലപാതകവും അസാധാരണ കൊലപാതകവും തമ്മിലുള്ള വ്യത്യാസമെന്താണെന്നു പറയാമോ?

ശ്രീ. വയലാർ രവി : അസാധാരണകൊലപാതകമേതെന്ന് ചോദിച്ച ബഹുമാനപ്പെട്ട മെമ്പർതന്നെ വിശദീകരിക്കുന്നതായിരിക്കും നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : എനിക്ക് അറിയാവുന്നതുകൊണ്ടാണ് ചോദിച്ചത്. അതിന് ഗവൺമെന്റിന്റെ വിശകലനം എന്താണെന്നാണ് ചോദിച്ചത്?

മിസ്റ്റർ സ്പീക്കർ : സാധാരണകൊലപാതകത്തിനും അസാധാരണ കൊലപാതകത്തിനും ഗവൺമെന്റിൽ വല്ല ഡെഫനിഷനുമുണ്ടോ?

ശ്രീ. വയലാർ രവി: കൊലപാതകങ്ങളിൽ സാധാരണ സ്വഭാവവും അസാധാരണ സ്വാഭാവവും ഉണ്ടായിരിക്കും. അതിനെ അസാധാരണമെന്നല്ലാതെ പ്രത്യേകമായി ഒരു നിർവ്വചനം ഗവൺമെന്റ് കൊടുത്തിട്ടില്ല.

ശ്രീ. ജി. കാർത്തികേയൻ : അസാധാരണമായ കൊലപാതകങ്ങൾ പലതും കണ്ടുപിടിക്കാതെ കിടന്നാൽ അത് കണ്ടുപിടിക്കുന്നതിന് മറ്റ് പല സംവിധാനവുമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതെന്താണ്? വിദേശത്ത് ആളുകളെ അയച്ച് പഠിപ്പിക്കുകയോ ടെയിനിംഗ് കൊടുക്കുകയോ ചെയ്യുന്നുണ്ടോ, അതോ പോലീസ് സേനയിലെ മെച്ചപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഇത് കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കുകയാണോ?

ശ്രീ. വയലാർ രവി : ദുരൂഹമായ സാഹചര്യത്തിൽ ഉണ്ടാകുന്ന കൊലപാതകങ്ങൾ കണ്ടുപിടിക്കുന്നതിന് പ്രത്യേകമായ അന്വേഷണ സംവിധാനം ക്രൈംബ്രാഞ്ചിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണഗതിയിലുണ്ടാകുന്ന കൊലപാതകങ്ങൾ അന്വേഷിക്കേണ്ട ഉത്തരവാദിത്വം സർക്കിൾ ഇൻസ്പെക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതിൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ ബുദ്ധിമുട്ടോ ഉണ്ടെന്നു തോന്നിയാൽ അത് ക്രൈംഡിറ്റാച്ച്മെന്റ് ഏറ്റെടുക്കുകയോ അല്ലെങ്കിൽ ക്രൈംബ്രാഞ്ച് ഏറ്റെടുക്കുകയോ ചെയ്യും. ക്രൈംബ്രാഞ്ച് ഏറ്റെടുത്തു കഴിഞ്ഞാൽ ഐ. ജി. യുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രത്യേക സെല്ലുകളുണ്ട്. ഓരോ എസ്. പി. യുടേയും നേതൃത്വത്തിലും അന്വേഷണ വിഭാഗമുണ്ട്. ആ വിഭാഗങ്ങളെ തന്നെ നേരിട്ട് ഏൽപ്പിച്ച് അന്വേഷണം നടത്തുകയും ചെയ്യുകയാണ് പതിവ്. അതുകൊണ്ടുതന്നെ ഫലപ്രദമായ രീതിയിൽ കേസന്വേഷണം നടത്താനും കഴിയുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ് : കഴിഞ്ഞകാലങ്ങളിലൊക്കെ സംഘടിതമായ കൊലപാതകങ്ങൾ, പ്ലാൻഡ് ആയിട്ടുള്ള കൊലപാതകങ്ങൾ നടക്കാറുണ്ടായിരുന്നു. അടുത്ത കാലത്തായി അസാധാരണമായി അതായത് ഭാര്യ ഭർത്താവിനെ കൊല്ലുന്നു, ഭർത്താവ് ഭാര്യയെ കൊല്ലുന്നു, അച്ഛൻ മക്കളെ കൊല്ലുന്നു. അടുത്തകാലത്തുള്ള പ്രസിദ്ധീകരണങ്ങളുടേയും സിനിമയുടേയും സ്വാധീനംമൂലം മാനസികമായി സംഘർഷം വളർന്ന് കേരളത്തിൽ ഉണ്ടാകുന്ന ഇത്തരം അസാധാരണ കൊലപാതകങ്ങൾ വർദ്ധിച്ചു വരുന്നുണ്ട്. അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വയലാർ രവി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില കേസുകൾ ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് കൊല്ലം ജില്ലയിൽ അമ്മയെ കൊന്നതിന് മക്കളേയും അച്ഛനെ കൊന്നതിന് മക്കളേയും അദ്ദേഹത്തിന്റെ ഭാര്യയേയും അറസ്റ്റ് ചെയ്ത ചില കേസുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽതന്നെ ഗ്രിഗറിയെന്നുപറയുന്ന ആളെ കൊല്ലത്ത് കൊന്ന കേസിൽ അദ്ദേഹത്തിന്റെ ഡെഡ്ബോഡി താമസിച്ച് മാത്രമാണ് കിട്ടിയതെങ്കിലും മക്കളും ഭാര്യയും ചേർന്ന് കൊന്നതാണെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ അടുത്തകാലത്ത് കൊല്ലത്തുണ്ടായ മറ്റൊരു കേസിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബാക്കി കാര്യങ്ങൾ ഞാൻ പറയുന്നില്ല. പത്തനംതിട്ടയിൽ ഭാര്യയും ഭർത്താവും ഉറങ്ങിക്കിടന്നപ്പോൾ ഭർത്താവുണർന്ന് ഭാര്യയെ കൊല്ലുകയുണ്ടായി. അങ്ങനെയുള്ള കേസുകൾ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ കോഴിക്കോട് നടന്ന ഭാര്യയെ ഭർത്താവ് കൊന്ന ഷീല കൊലക്കേസിൽ ശിക്ഷകഴിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള കേസുകളിൽ പലതും ക്രൈംബ്രാഞ്ചിന്റെ സമർത്ഥമായ അന്വേഷണംകൊണ്ട് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സ്ത്രീധനം നൽകാത്തതുമൂലമുള്ള കൊലപാതകങ്ങൾ കേരളത്തിൽ വർദ്ധിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അത് തടയാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വയലാർ രവി : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു കേസുണ്ട്. അതും കൊല്ലം ജില്ലയിലാണുണ്ടായിട്ടുള്ളത്. അതിൽ പ്രതിക്ക് വധശിക്ഷ നൽകിയിട്ടുണ്ട്.

ശ്രീ. എ. സി. ജോസ് : സ്ത്രീധനം സംബന്ധിച്ചുള്ള കൊലപാതകങ്ങൾ കുറവാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇന്നലെ പാലക്കാട് ഒരു സ്ത്രീ സ്ത്രീധനസംബന്ധമായ തർക്കത്തിന്റെ പേരിൽ ആത്മഹത്യ ചെയ്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ ആത്മഹത്യയുടെ പിന്നിലുള്ള കാര്യം എന്താണെന്ന് അന്വേഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വയലാർ രവി : സ്ത്രീപീഡനം സംബന്ധിച്ച ചില പരാതികൾ ഉണ്ടായിട്ടുണ്ട്, അതിൽ അറസ്റ്റും നടന്നിട്ടുണ്ട്. പാർലമെന്റ് അംഗീകരിച്ച പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിലും ചില കേസുകൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കേസിന്റെ വിശദവിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. ജോസ് : അസാധാരണ കൊലപാതകത്തിന്റെ കാരണത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. കെ. സി. ജോസഫ് ചോദിച്ചപ്പോൾ സിനിമയുടെ സ്വാധീനത്തെക്കുറിച്ച് പറഞ്ഞു. സിനിമയുടെ സ്വാധീനം ധാരാളമായി ചെറുപ്പക്കാരുടെ ഇടയിലുണ്ടാകുന്നുയെന്നുള്ളത് ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്നതാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സിനിമകളിൽ ഇത്തരം കാര്യങ്ങൾ പെടുത്താതിരിക്കുന്നതിനുവേണ്ടിയുള്ള സെൻസറിംഗിന് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതിനും പ്രസിദ്ധീകരണങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. വയലാർ രവി : സിനിമയിൽ കൊലപാതകം നടത്തുന്നതിനുള്ള വിദഗ്ധമായ കരുക്കൾ കാണിക്കുന്നുവെന്നല്ലാതെ അച്ഛനെയോ അമ്മയേയോ കൊല്ലുന്ന രീതിയിലുള്ളത് അപൂർവ്വമായി മാത്രമേ ഉണ്ടാകാറുള്ളൂ. മാത്രമല്ല സിനിമയിൽ മിക്കപ്പോഴും നായകൻ എല്ലാപേരേയും രക്ഷിക്കുന്നതായിട്ടാണ് വരുന്നത്.

ശ്രീ. കെ. കെ. തോമസ് : സാധാരണ കൊലപാതകമായി ഉദ്ദേശിക്കുന്നത് സംഘർഷത്തിൽനിന്ന്, ഏറ്റുമുട്ടലുകളിൽനിന്ന് വരുന്നതാണ്. അസാധാരണ കൊലപാതകമായി കാണുന്നത് പിടികിട്ടാപ്രതിയായ സുകുമാരക്കുറുപ്പും അനുയായികളും ചേർന്ന് ഫിലിം റപ്രസെന്റേറ്റീവ് ചാക്കോയെ വധിച്ചതുപോലെ നേരത്തെ ആസൂത്രണം ചെയ്ത പരിപാടി അനുസരിച്ച് നടത്തുന്നതാണ്. അങ്ങനെയുള്ള ആസൂത്രിത പദ്ധതിയനുസരിച്ച് ഉണ്ടാകുന്ന കൊലപാതകങ്ങളെ സംബന്ധിച്ചിടത്തോളം അത് നേരത്തേ മനസ്സിലാക്കി കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനും വല്ല ആധുനിക സംവിധാനവും പോലീസ് മിഷീനറിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. വയലാർ രവി : ആസൂത്രിത കൊലപാതകങ്ങൾ ഉണ്ടാകുന്നത് പല കാരണങ്ങളാലാണ്. അങ്ങനെയുള്ള പല കേസ്സുകളിലും പ്രതികളെ തിരിച്ചറിയാൻ വിഷമമുണ്ടാകുമ്പോഴാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്പെഷ്യൽ സ്ക്വാഡ് ഏർപ്പെടുത്തി കണ്ടുപിടിക്കുന്നത്. അങ്ങനെയുള്ള ധാരാളം കേസുകൾ (എണ്ണിയെണ്ണി പറയാൻ കഴിയും) കണ്ടുപിടിക്കാനും അതിൽ പലതിലും കോടതിയിൽ ജീവപര്യന്തം തടവും വധശിക്ഷയും വിധിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ് : 1980-നും 1983-നും ഇടക്ക് എന്റെ നിയോജകമണ്ഡലിത്തിൽപ്പെട്ട കുമിളിയിൽ നാല് അജ്ഞാത കൊലപാതകങ്ങൾ നടന്നു. മൃതദേഹങ്ങൾ കെട്ടിത്തൂക്കിയ നിലയിൽ കാണുകയുണ്ടായി. ഇത് ഒരു പ്രത്യേക പരിപാടി അനുസരിച്ചാണെന്നു കരുതുന്നു. അതായത് ഒരു പ്രത്യേക കവർച്ച സംഘം ചെയ്തതാണിതെന്നു കരുതുന്നു. ഇന്നുവരെ പോലീസ് അതന്വേഷിച്ച് തെളിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇങ്ങനെയുള്ള കൊലപാതകങ്ങൾ തെളിയിക്കുന്നതിന് പ്രത്യേക സെൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വയലാർ രവി : പ്രതികളെ തിരിച്ചറിയാൻ കഴിയാത്ത കൊലപാതകക്കേസുകളുണ്ട്. അതിലുൾപ്പെട്ടതാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : പിള്ളയെ തള്ള കൊല്ലുന്ന സംഭവത്തെക്കുറിച്ച് (കൊല്ലം ജില്ലയിൽ) പറഞ്ഞു. കൊല്ലത്തും കൊട്ടാരക്കരയിലും വലിയ വികാരങ്ങളൊന്നും അതിലില്ല. എന്റെ ചോദ്യം അതല്ല. ഇപ്പോൾ അസാധാരണമായ കൊലപാതകങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അസാധാരണമായ ധാരാളം ആത്മഹത്യകൾ നടക്കുന്നുണ്ട്. ഇതിൽ പലതും സാധാരണ കൊലപാതകങ്ങളാണ്. അസാധാരണമായ ഈ ആത്മഹത്യകൾ അതായത് സാധാരണ കൊലപാതകങ്ങളായിട്ടുള്ളത് അസാധാരണമായ ആത്മഹത്യയാക്കി മാറ്റാൻ വേണ്ടി പോലീസ് ഡിപ്പാർട്ടുമെന്റിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വയലാർ രവി : ആത്മഹത്യ കൊലപാതകമാണെന്നു പരാതി കിട്ടിയിട്ടുള്ള കേസുകൾ ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കുകയും അതിൽ കഴിഞ്ഞ മൂന്നുമാസാവസാനത്തെ കണക്കനുസരിച്ച് ഒമ്പത് കേസുകൾ കൊലപാതകങ്ങളാണെന്ന് തെളിയിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള കേസുകളെക്കുറിച്ച് പ്രത്യേകം അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിന് ആധികാരികമായ രണ്ടുമൂന്നു കാര്യങ്ങൾ ചെയ്യാറുണ്ട്. അതിലൊന്ന് ശാസ്ത്രീയമായ പരിശോധനയാണ്. ഫോറൻസിക്ക് ലബോറട്ടറിയുടേയും കെമിക്കൽ ലബോറട്ടറിയുടേയും റിപ്പോർട്ടുകൾ ഇതിന് ഒരു മുഖ്യഘടകമാണ്. അതുപോലെതന്നെ പോസ്റ്റ്മോർട്ടവും റീ പോസ്റ്റ്മോർട്ടവും നടത്തി കിട്ടുന്ന റിപ്പോർട്ടുകളും പ്രധാന ഘടകമാണ്. അതോടൊപ്പം തന്നെ സാഹചര്യവും തെളിവായി പ്രത്യേകമായി അന്വേഷണത്തിൽ ഉൾപ്പെടുത്തും.

ശ്രീ. രമേശ് ചെന്നിത്തല : കുറ്റകൃത്യങ്ങൾ തെളിയിക്കാനുള്ള നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മറ്റുപല രാജ്യങ്ങളിലും പ്രൈവറ്റ് ഡിറ്റെക്റ്റീവ്സിന്റെ സേവനം ഇതിന് ഉപയോഗിക്കാറുണ്ട്. കേരളത്തിൽ ഇപ്പോൾ പ്രൈവറ്റ് ഡിറ്റക്റ്റീവ്സിനെ ഉപയോഗിക്കുന്നുണ്ടോ, ഇല്ലെങ്കിൽ അവരെ നിയോഗിക്കാനുള്ള വല്ല തീരുമാനവും ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വയലാർ രവി : കുറച്ചുകഴിയുമ്പോൾ അവരെ നോക്കാൻ പ്രത്യേക ആളെ ഏർപ്പെടുത്തേണ്ടിവരുമെന്നാണ് ഗവൺമെന്റിന്റെ ധാരണ.

ശ്രീ. ഇ. കെ. നായനാർ : അസാധാരണവും സാധാരണവുമായ കൊലപാതകങ്ങളെ സംബന്ധിച്ച് ഇവിടെ ചർച്ചചെയ്തപ്പോൾ നിങ്ങളുടെ ഭരണകാലത്ത് 101 ഹരിജന സ്ത്രീകൾ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. അതിൽ 30 പേരുടെ കൊലയെ സംബന്ധിച്ചുള്ള തെളിവ് ഇതുവരെ കിട്ടിയിട്ടില്ല. ഇത് അസാധാരണ കൊലപാതകത്തിൽ പെട്ടതാണോ സാധാരണ കൊലപാതകത്തിൽപെട്ടതാണോയെന്ന് എനിക്ക

റിയില്ല. സാധാരണ കൊലപാതകമെന്നും അസാധാരണ കൊലപാതകമെന്നുമുള്ള വിശേഷത്തിന്റെ ആവശ്യമൊന്നുമില്ല. ഇത് ഇന്ന് തുടങ്ങിയതല്ല, ചരിത്രാതീതകാലം മുതൽ തുടങ്ങിയതാണ്. പുരാണത്തിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അമ്മയെ മകൻ കൊല്ലുന്നതും സഹോദരനെ സഹോദരൻ കൊല്ലുന്നതുമൊക്കെ പണ്ടേയുണ്ട്. പരശുരാമൻ അമ്മയെ കൊന്നില്ലേ? ഭാരതയുദ്ധം എന്താണ്? അതുകൊണ്ട് ഈ ചോദ്യത്തിന് പ്രസക്തിയില്ല. ഇവിടെ കൊലപാതകങ്ങൾ തെളിയിക്കാൻ ഒന്നുമില്ല. മാനസിക തകർച്ചയുടെ ഫലമായി ഈ ഭരണവൈകൃതത്തിന്റെ ഫലമായി മനുഷ്യന് മാനസിക തകർച്ച ഉണ്ടായതിന്റെ ഫലമായി സ്ത്രീക്കും പുരുഷനും മാനസിക തകർച്ച ഉണ്ടായതിന്റെ ഫലമായി ആത്മഹത്യകളും കൊലപാതകങ്ങളും തുടരാനുള്ള സാഹചര്യം ഉണ്ടാകുന്നു. 100-101 ഹരിജൻ സ്ത്രീകളെ കൊലചെയ്യപ്പെട്ടിട്ട് 30-35 പേരുടെ കൊലപാതകത്തെ സംബന്ധിച്ച് യാതൊരു വിവരവും കിട്ടിയിട്ടില്ല. 1985-ൽ അര ഡസൻ സ്ത്രീകളെ വയനാട്ടിൽ കൊല ചെയ്തിട്ടും തെളിവ് ഇല്ല. ഇതിനെക്കുറിച്ച് തെളിവ് ലഭിക്കുന്നതിന് എന്തെങ്കിലും പുതിയ മാർഗ്ഗം ഉണ്ടോ?

<u>ശ്രീ. വയലാർ രവി</u> : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കണക്ക് ശരിയാണെന്നു തോന്നുന്നില്ല.

<u>ശ്രീ. ഇ. കെ. നായനാർ</u> : നിങ്ങൾ തന്ന കണക്കാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. വയലാർ രവി</u> : കേസുകളിൽ പ്രതികളെ കണ്ടുപിടിച്ചിരിക്കില്ല, ചാർജ് ചെയ്തിട്ടില്ല എന്നുള്ളതൊക്കെയായിരിക്കും, ഇതിന് വ്യത്യസ്തമായ കാരണങ്ങൾ ഉണ്ടാകും. ഇൻവെസ്റ്റിഗേഷനിലിരിക്കുന്ന ഒരു കേസിനെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയായിട്ടില്ല എന്നുമാത്രമേ ഗവൺമെന്റിനു പറയാൻ കഴിയുകയുള്ളു. വയനാട്ടിൽ തങ്കമ്മ എന്നു പറയുന്ന ഒരു സ്ത്രീയുടെ ആഭരണം മോഷ്ടിച്ചതായിട്ടുള്ള കേസ് തെളിയിക്കാതിരുന്നത് ഗവൺമെന്റ് തെളിയിക്കുകയുണ്ടായി. പിന്നെ ഒരു കേസിന്റെ കാര്യം ഇവിടെ പറഞ്ഞത് ഒരു വിട്ടിൽ ആയിഷ ഉമ്മയെയോ മറ്റോ കൊന്നതിനെ സംബന്ധിച്ചാണ്. അത് അഞ്ചുകൊല്ലം കഴിഞ്ഞ കേസാണ്. അത് ഇപ്പോഴും ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. രണ്ടുപേരെ കൊന്ന ഒരു കേസ് മാത്രമേ തെളിയിക്കപ്പെടാതുള്ളൂവെന്നാണ് എനിക്കു തോന്നുന്നത്.

<u>ശ്രീ. രാഘവൻ പൊഴക്കടവിൽ</u> : എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുവർഷം മുമ്പ് ഒരു ഹരിജൻ കുടുംബത്തിലെ ഭാര്യയും ഭർത്താവും കുത്തേറ്റു മരിച്ചു. ഒരേ പായിൽ രക്തത്തിൽ കളിച്ചാണ് അവർ കിടന്നിരുന്നത്. പോലീസ് നായ വന്ന് അന്വേഷണം നടത്തി. അവസാനം പോലീസിന്റെ നിഗമനം രണ്ടുപേരും തമ്മിൽ കുത്തി മരിച്ചതാണെന്നാണ്. ഇത് സാധാരണ കൊലപാതകമാണോ അസാധാരണ കൊലപാതകമാണോ എന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : ഇവിടെ കേട്ട നിലക്ക് അസാധാരണ കൊലപാതകമാണ്.

ശ്രീ. എ. സി. ജോസ് : പോലീസ് നായയുടെ അഭിപ്രായം എന്താണെന്നു പറയണം.

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർതന്നെ ഉത്തരവും പറഞ്ഞു കഴിഞ്ഞു.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊലപാതകമാണെന്ന് വ്യക്തമായി പോലീസിന് ബോദ്ധ്യം വന്നിട്ടും പ്രതികളെ കണ്ടുപിടിക്കാനോ ആരാണ് ഈ കൊല നടത്തിയതെന്ന് കണ്ടുപിടിക്കാനോ കഴിയാത്ത കേസുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള കേസുകൾ എത്രയുണ്ടെന്ന് പറയാമോ?

ശ്രീ. വയലാർ രവി : ഗവൺമെന്റിന്റെ പക്കൽ ഇപ്പോൾ അതുപോലുള്ള 39 കേസുകളുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ് : കോഴിക്കോട് കസബാ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മാത്രം കഴിഞ്ഞ നാലുകൊല്ലം കൊണ്ട് നാല് കൊലക്കേസുകൾ നടന്നു. എന്നാൽ ഒരൊറ്റ കേസും ഭക്തവത്സലൻ കേസുൾപ്പെടെ ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനെസംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച നാലു കേസുകളിലും പലവട്ടം ഉന്നതലത്തിൽ ചർച്ച നടത്തുകയും പലതരത്തിലുള്ള അന്വേഷണം നടത്തികൊണ്ടിരിക്കുകയുമാണ്. പലതരത്തിലുള്ള സംശയങ്ങൾ ഉള്ളതുകൊണ്ടും പല ആളുകളേയും സംശയം ഉള്ളതുകൊണ്ടും ആളുകളെ കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

കിഴങ്ങുവർഗ്ഗങ്ങൾക്ക് തറവില

*114. [156] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ :
„ കെ. വി. സുരേന്ദ്രനാഥ് :
„ കെ. ടി. കണാരൻ:
„ കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴങ്ങു വർഗ്ഗങ്ങൾക്ക് തറവില നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly